(ഡി) പദ്ധതിയുടെ ആദ്യഘട്ടമായി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നെതർലാൻഡ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായം കോട്ടയം ജില്ലയിൽ നടപ്പാക്കി വരുന്ന "നിർമ്മൽ-2000" എന്ന പ്രത്യേക പ്രോജക്ടിനു മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. നെതർലാൻഡ് ഗവൺമെന്റുമായി ഒപ്പുവച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട ആരോഗ്യ വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്ക് 1.44കോടി രൂപ ലഭിക്കും. ഇതിന്റെ ആദ്യ ഗഡുവായി 25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കോട്ടയത്ത് നടന്നുവരുന്ന ശുചിത്വ പരിപാടിയുമായി ബന്ധപ്പെട്ട് അത്തരം സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവും കൈവരിക്കുന്നതിനുദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ള സംസ്ഥാന സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മുഖ്യമന്ത്രി അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) താഴെപറയുന്ന മന്ത്രിമാർ ഉപസമിതിയിൽ അംഗങ്ങളാണ്.

1. ആരോഗ്യ വകുപ്പുമന്ത്രി
2. ജലസേചന വകുപ്പുമന്ത്രി
3. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി
4. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി
5. വിദ്യാഭ്യാസ വകുപ്പുമന്ത്രി
6. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി
7. ഗ്രാമവികസന വകുപ്പുമന്ത്രി (കൺവീനർ)

സംസ്ഥാന ശുചിത്വ-ആരോഗ്യമിഷന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുത്തുവരികയാണ്.

(ഡി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു പൂർത്തിയായിട്ടില്ല.

26 (*256) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്ര ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കിവരുന്ന ശുദ്ധജല പദ്ധതികളുടെ പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലഅതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ചു നടപ്പാക്കേണ്ട പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്ന് വെളിപ്പെടുത്തുന്നുമോ;

(ഡി) ഈ പദ്ധതികളെ പറ്റി പഠിക്കാൻ സർക്കാർ നിയമിച്ചിരുന്ന ഉന്നതതല സമിതിയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന പരിപാടിയിൻ കീഴിൽ 128 പദ്ധതികൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യം ഇട്ടിട്ടുള്ളത്.

(ബി) എൽ.ഐ.സി. യുടെ സഹായം ലഭ്യമാക്കിയ 59 പദ്ധതികൾ മേൽ പ്രസ്താവിച്ച '2000-ാം ആണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടി അനുസരിച്ച് പൂർത്തിയാക്കുവാനുള്ള 128 പദ്ധതികളിൽ ഉൾപ്പെടുന്നു. എൽ.ഐ.സി. സഹായമുള്ള പദ്ധതികൾ അനുബന്ധം 1,2,3-ൽ †നക്ഷത്ര ചിഹ്നമിട്ട് പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു. 1998-99 ൽ കമ്മിഷൻ ചെയ്ത 39 പദ്ധതികളിൽ, 17 എണ്ണത്തിനും 1999-2000 ൽ പൂർത്തീകരിക്കാനുള്ള 48 പദ്ധതികളിൽ 22 എണ്ണത്തിനും 2000-2001-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 41 പദ്ധതികളിൽ 20 എണ്ണത്തിനും എൽ.ഐ.സി. സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടതെ എൽ.ഐ.സി. സഹായം ലഭ്യമാക്കിയ 48 പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇവയുടെ വിവരം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു. ഈ പദ്ധതികൾ രണ്ടു മുതൽ അഞ്ചു വർഷ കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുപുറമേ 13 പുതിയ ശുദ്ധജല വിതരണ പദ്ധതികൾ എൽ.ഐ.സി. സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പേരുവിവരം അനുബന്ധം -5 †ൽ കൊടുത്തിരിക്കുന്നു.

(സി) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജല അതോറിറ്റിയും ഭൂജലവകുപ്പും നടപ്പിലാക്കേണ്ട പദ്ധതികൾ പ്രത്യേകം പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ഈയിനത്തിൽ സംയുക്തമായി തുകയൊന്നും കഴിഞ്ഞവർഷം അനുവദിച്ചിരുന്നില്ല. ജല അതോറിറ്റി നടപ്പിലാക്കേണ്ട എൻ.സി./പി.സി. വാർഡുകളിൽ ശുദ്ധജലം എത്തിക്കേണ്ട പദ്ധതികൾക്ക് 300 ലക്ഷം രൂപ കഴിഞ്ഞ വർഷം വകയിരുത്തിയിരുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ബഡ്ജറ്റിൽ കുടിവെള്ള പദ്ധതികൾക്ക് പ്രത്യേക തുക നീക്കി വച്ചിട്ടുണ്ട്.

(ഡി) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻവേണ്ടി സർക്കാർ നിയമിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly